(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.10/2137/2016 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം
തീയതി: 19.12.2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുല്ലമ്പാറ ഗ്രാമ പഞ്ചായത്ത്
സർ,

വിഷയം : പുല്ലമ്പാറ ഗ്രാമപഞ്ചായത്ത് - 2015-16-സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 -ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുല്ലമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1,2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3) കാര്യാലയ പകർപ്പ്

നം കെ.എസ്.എ.റ്റി.വി.എം.ജി.പി.10/2137/2016
തീയതി: 19.12.16

## തിരുവനന്തപുരം ജില്ലയിലെ പുല്ലമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 -ലെ കേരള പഞ്ചായത്ത് രാജ് നിയമം,വകുപ്പ് 215(4) , 1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം,വകുപ്പ് 13, 1996-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

തിരുവനന്തപുരം ജില്ലയിലെ പുല്ലമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.16 മുതൽ 14.11.16 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു .

ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ

പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ 13എണ്ണം നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടികൾ പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ ജമാലുദ്ദീൻ.എ (ഡെപ്യൂട്ടി ഡയറക്ടർ)

ഓഡിറ്റിന് വിനിയോഗിച്ച സമയം : 15.11.2016മുതൽ 22.11.2016വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ : ശ്രീ എ. നിസാമുദ്ദീൻ (ഓഡിറ്റ് ഓഫീസർ)

ശ്രീ രാജൻ വി .ഡി (സീനിയർ ഗ്രേഡ് ഓഡിറ്റർ)

ശ്രീമതി സ്മിത പി.എസ് (സീനിയർ ഗ്രേഡ് ഓഡിറ്റർ)

ശ്രീ ബീനിഷ് ജി.(സീനിയർ ഗ്രേഡ് ഓഡിറ്റർ)

ബി)നിർവ്വഹണാധികാരികൾ

പ്രസിഡന്റ് : ശ്രീ ചുള്ളാളം രാജൻ (01.04.2015 മുതൽ 31.09.15 വരെ)

ശ്രീമതി അസീനാ ബീവി (01.10.2015 മുതൽ 31.03.16 വരെ)

സെക്രട്ടറി : ശ്രീ ജോയി ജോൺ (01.04.2015 മുതൽ 22.07.15 വരെ)

ശ്രീ പി.കെ സുരേഷ് (22.07.2015 മുതൽ 31.3.16 വരെ)

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീ ജിജു വി | 01.04.2015 മുതൽ 31.3.16 വരെ |
| മെഡിക്കൽ ഓഫീസർ (PHC) | ഡോ. മനോജ് കുമാർ | 01.04.2015 മുതൽ 31.3.16 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. ബിനോ റ്റി.ജെ. | 01.04.2015 മുതൽ 31.3.16 വരെ |
| വെറ്റിനറി സർജൻ | ഡോ. അപർണ | 01.04.2015 മുതൽ 31.3.16 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി ശ്രീജ എസ്. | 01-04-2015 മുതൽ 31.3.16 വരെ |
| വി.ഇ.ഒ | ശ്രീ ഷാനവാസ് | 01.04.2015 മുതൽ 31.3.16 വരെ |
| കൃഷി ഓഫീസർ | ശ്രീമതി ഷീബ തോമസ് | 01.04.2015 മുതൽ 31.3.16 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ മോഹനൻ നായർ | 01.04.2015 മുതൽ 31.3.16 വരെ |

| | | |
|---|---|---|
| അസി.സെക്രട്ടറി | ശ്രീ എസ് അനിൽ കുമാർ | 20.08.2015 മുതൽ 31.09.16 വരെ |
| | ശ്രീ മനോജ് | 01.10.2015 മുതൽ 31.3.16 വരെ |

ഉള്ളടക്കം



| ക്രമ നം. | ഭാഗം -1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | പണബാക്കി പരിശോധന | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം - 2 | | |
| 12 | തൊഴിൽ നികുതി ഈടാക്കുന്നതിൽ കടിശ്ശിക | 2-1 | |
| 13 | മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നില്ല | 2-2 | |
| | ഭാഗം - 3 | | |

| | | | |
|---|---|---|---|
| 14 | തനതു ഫണ്ട് വിനിയോഗം - 4950/- രൂപയുടെ ചെലവുകൾ തടസ്സപ്പെടുത്തുന്നു. | 3-1 | |
| 15 | പദ്ധതി നിർവഹണത്തിലെ അപാകങ്ങൾ | 3-2 | |
| 16 | പാലിയേറ്റീവ് കെയർ നഴ്സിന് യാത്രാപ്പടി - മാർഗരേഖാ വിരുദ്ധം | 3-3 | |
| 17 | വയോജനരോഗപ്രതിരോധം പദ്ധതി (ആയുർവേദം) - മെച്ചപ്പെടുത്തൽ അനിവാര്യം | 3-4 | |
| 18 | തെരുവുവിളക്കുകളുടെ പരിപാലനം - മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല | 3-5 | |
| 19 | അങ്കണവാടികൾക്ക് കമ്പ്യൂട്ടർ (എസ്.സി) -കുരുന്നുകൾക്ക് ഗുണകരമാകുന്നില്ല | 3-6 | |
| 20 | ഗ്രാമകേന്ദ്രങ്ങളുടെ പ്രവർത്തനം - ഭൗതികസാഹചര്യം ഒരുക്കുന്നതിൽ ഒതുങ്ങുന്നു | 3-7 | |
| 21 | കുന്നുമുകൾ സാംസ്കാരിക നിലയം-മെച്ചപ്പെട്ട പ്രവർത്തനം ആവശ്യം | 3-8 | |
| 22 | കാർഷിക മ്യൂസിയം-പദ്ധതി ലക്ഷ്യം കണ്ടില്ല-പ്രവർത്തനം ആരംഭിക്കണം | 3-9 | |
| 23 | കമ്മിറ്റി തീരുമാനങ്ങൾ നടപ്പിലാക്കുന്നതിൽ കാര്യക്ഷമത പുലർത്തുന്നില്ല | 3-10 | |
| 24 | പേരുമല എൽ.പി.എസ്. നവീകരണം - ടൈൽ പാകൽ - അളവുപുസ്തകത്തിലെ അളവും യഥാർത്ഥ അളവും തമ്മിൽ വ്യത്യാസം - നഷ്ടം തിരിച്ചടയ്ക്കണം | 3-11 | |
| 25 | മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി - അവലോകനം | 3-12 | |
| 26 | ആശ്രയ പദ്ധതി - സാമൂഹ്യനീതി ഉറപ്പുവരുത്തുന്നില്ല | 3-13 | |
| | ഭാഗം -4 | | |
| 27 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 28 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 29 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |

| | | | |
|---|---|---|---|
| 30 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 31 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 32 | ഓഡിറ്റ് റിക്കവറി | 4-6 | |
| 33 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 34 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 35 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 16.03.15 തീയതിയിലെ I(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ 129994261/- രൂപ വരവും 127468100/-രൂപ ചെലവുമാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ യഥാർത്ഥ വരവ് 55017366/- രൂപയും (മുന്നിരിപ്പ് ഉൾപ്പെടെ) ചെലവ് 50336274/- രൂപയുമാണ്. ബജറ്റ് പ്രകാരമുള്ള വരവ്-ചെലവും യഥാർഥ വരവ്-ചെലവും തമ്മിലുള്ള അന്തരം കുറയ്ക്കാൻ യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 28.07.2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ സമർപ്പിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ / തീയതി |
|---|---|---|
| - | - | - |

(ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു)

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് : 18996674.30

വരവ് : 36020692.00

ആകെ : 55017366.30

ചെലവ് : 50336274.00

നീക്കിയിരിപ്പ് : 4681092.30

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 1299283 | 1419832 | +7385913 | 10105028 | 10105028 | - |
| വികസനഫണ്ട് എസ്.സി.പി. | 2977343 | 4439216 | -1264192 | 6152367 | 6152367 | - |
| വികസനഫണ്ട് ടി.എസ്.പി. | 40500 | 0 | -40500 | 0 | 0 | - |
| സംരക്ഷണഗ്രാന്റ് (റോഡ്) | 1671713 | 5845764 | 0 | 7517477 | 7517477 | - |
| സംരക്ഷണഗ്രാന്റ് (നോൺ റോഡ്) | 292993 | 2724620 | 0 | 3017613 | 3017613 | - |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3766690 | 5169902 | -2728959 | 6207633 | 6207633 | - |
| പെർഫോമൻസ് ഗ്രാന്റ് | 3352262 | 2834842 | -3352262 | 2834842 | 2834842 | - |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | 13597 | 32888358 | 0 | 32901955 | 32892990 | 8965 |
| ബി-ഫണ്ട് | 0 | 29524430 | 0 | 29524430 | 29524430 | - |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 153 | 51639533 | 127 | 37440794 | 0 | 26 | 83 |

## 1-7 തനതുവരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | | | |
| തൊഴിൽനികുതി | 600020 | 666030 | + 66010 |
| കെട്ടിടനികുതി | 2021201 | 958880 | - 1062321 |
| നികുതിയേതര വരവുകൾ | | | |
| ലേലം | 7025 | 7235 | + 210 |
| ഡി & ഒ ലൈസൻസ് | 32150 | 39200 | + 7050 |
| മറ്റ് വരവുകൾ | 475651 | 396202 | - 72553 |
| ആകെ | 3136047 | 2067547 | - 1068500 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു:

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 607440 | 672 |
| വിധവാപെൻഷൻ | 9767200 | 9463 |
| കർഷക തൊഴിലാളി പെൻഷൻ | 3960000 | 5171 |
| വാർധക്യകാല പെൻഷൻ | 12475200 | 13768 |

| | | |
|---|---|---|
| വികലാംഗ പെൻഷൻ | 2245500 | 2051 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 206400 | 203 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 240000 | 9 |

## 1-9 പണബാക്കി പരിശോധന

1994 -ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.11.2016 രാവിലെ 10.25 മണിക്ക് സ്ഥാപനത്തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 12198/- രൂപ പണബാക്കിയുള്ള തായി ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

തൊഴിൽനികുതി രജിസ്റ്ററുകൾ, ട്രേഡേഴ്സ് രജിസ്റ്ററുകൾ, തനതുവരുമാനത്തിന്റെ പ്രതീക്ഷിത വരവും യഥാർത്ഥ വരവും രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ, സ്റ്റോക്ക് രജിസ്റ്റർ മുതലായവ പഞ്ചായത്ത് രാജ് ചട്ടങ്ങൾ അനുശാസിക്കും പ്രകാരം തയ്യാറാക്കേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. വരുമാനങ്ങളുടെ നിജസ്ഥിതി ഉറപ്പാക്കുന്നതിനും അവ വർദ്ധിപ്പിക്കുന്നതിനും പ്രസ്തുത രജിസ്റ്ററുകളുടെ പരിപാലനം അനിവാര്യമാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07.10.15 | 30.09.16 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18.08.05 | 1997-98 മുതൽ 2004-05 വരെ | - |

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി ഈടാക്കുന്നതിൽ കടിശ്ശിക

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്, സെക്ഷൻ 204 പ്രകാരം അർദ്ധവർഷത്തിൽ അറുപത് ദിവസത്തിൽ കുറയാതെ പഞ്ചായത്ത് പ്രദേശങ്ങളിൽ താമസിക്കുകയും പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ അതിന് വെളിയിലോ ഒരു തൊഴിലിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ മുതൽമുടക്കുകളിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുന്നതോ ആയ ഏതൊരാളും ഓരോ അർദ്ധവർഷത്തിലും തൊഴിൽ നികുതി ഒടുക്കേണ്ടതുണ്ട്. 2015-16 വർഷം ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ് ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1. അരവിന്ദ് ഫിനാൻസ് (ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ)

2. പത്മനാഭ ഫിനാൻസ് (ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ)

കടിശ്ശികയുള്ള തൊഴിൽ നികുതി ഈടാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നില്ല

ജി.ഒ.(എം.എസ്) നം. 113/2009/ത.സ്വ.ഭ.വ, തീയതി. 02.1.2009 പ്രകാരം മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ 5 മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നുവെന്നും ഇവയിൽ രണ്ടെണ്ണം മാത്രമേ വസ്തു നികുതി ഒടുക്കിയിട്ടുള്ളൂ എന്നും ബാക്കിയുള്ളവയ്ക്ക് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട് എന്നും ഓഡിറ്റ് എൻക്വയറിക്ക് (നം.5 തീയതി 18-11-2016) മറുപടി നൽകിയിട്ടുണ്ട്. വസ്തു നികുതി കുടിശ്ശികയുള്ള മൊബൈൽ ടവറുകൾ താഴെ പറയുന്നവയാണ്.

3/338 - ഐഡിയ കമ്മ്യൂണിക്കേഷൻസ്, തേമ്പാംമൂട്.

3/339 – വൊഡാഫോൺ

3/356 – എയർസെൽ

കടിശ്ശികയുള്ള വസ്തുനികുതി ഈടാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 തനതു ഫണ്ട് വിനിയോഗം - 4950/- രൂപയുടെ ചെലവുകൾ തടസ്സപ്പെടുത്തുന്നു.

1) പഞ്ചായത്തിലെ പുതിയ പി.എച്ച്.സി കെട്ടിടത്തിന്റെ ഉദ്ഘാടനത്തോടനു ബന്ധിച്ചുള്ള പ്രചരണം, നോട്ടീസ് എന്നിവയ്ക്കായി 10000/-രൂപ ചെലവുചെയ്യാൻ 11.05.15-ലെ കമ്മിറ്റി യോഗം തീരുമാനിച്ചിരുന്നു. എന്നാൽ, പ്രസ്തുത തുക ക്വട്ടേഷൻ ക്ഷണിക്കാതെ നികിത പ്രിന്റേഴ്സ്, വെഞ്ഞാറമൂട് എന്ന സ്ഥാപനത്തിന് ഫ്ലക്സ് പ്രിന്റിംഗിനായി മാത്രം (ഒന്നിന് 500/- രൂപ നിരക്കിൽ 20 എണ്ണം) ചെക്ക് നമ്പർ 571054 തീയതി: 12.05.15 പ്രകാരം നൽകിയിരിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.9 -ന് ഫ്ലക്സ് പ്രിന്റിംഗിനായി ക്വട്ടേഷൻ ക്ഷണിച്ചിരുന്നെന്നും ലഭ്യമായ ക്വട്ടേഷനുകൾ നഷ്ടപ്പെട്ടുപോയതാണെന്നും അവ എത്രയും വേഗം കണ്ടെത്തി ഹാജരാക്കുന്നതാണെന്നും സെക്രട്ടറി മറുപടി നൽകുകയുണ്ടായി. ക്വട്ടേഷൻ ക്ഷണിക്കാതെയുള്ള വാങ്ങലുകൾ സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ മാർഗരേഖയ്ക്ക് വിരുദ്ധമാണ്. അതിനാൽ മാർഗരേഖ പാലിച്ച് ഇത്തരം ചെലവുകൾ നിർവ്വഹിക്കേണ്ടതാണ്.

2) ഗവ. ആയുർവേദ ആശുപത്രിക്ക് എച്ച്.എം.സി നിലവിലുണ്ടായിട്ടും ദൈനംദിന ആവശ്യത്തിനുള്ള ഒ.പി ടിക്കറ്റുകൾ പ്രിന്റു ചെയ്തതിന് വൗച്ചർ നം.21500177 തീ:15.06.15 മുഖേന 4950/- രൂപ ചെലവഴിച്ചിട്ടുണ്ട്. എച്ച്.എം.സി നിലവിലുള്ള ആരോഗ്യ സ്ഥാപനത്തിന്റെ നടത്തിപ്പിനായി ചെലവഴിച്ച പ്രസ്തുത തുക തടസ്സപ്പെടുത്തുന്നു. 4950/- രൂപ പഞ്ചായത്തിന്റെ തനതു ഫണ്ടിൽ തിരിച്ചടവാക്കേണ്ടതാണ്.

## 3-2 പദ്ധതി നിർവഹണത്തിലെ അപാകങ്ങൾ

I) *നിർവഹണോദ്യോഗസ്ഥർ ഫലപ്രദമായ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നില്ല*

പദ്ധതി നിർവ്വഹണത്തിൽ നിർവഹണോദ്യോഗസ്ഥർ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്. ഫണ്ടിന്റെ ലഭ്യത ഉറപ്പാക്കിയും പ്രാഥമിക പഠനം നടത്തിയും പ്രായോഗികമായി നടപ്പിലാക്കാൻ കഴിയുന്ന പദ്ധതികൾക്ക് പ്രഥമ പരിഗണന നൽകേണ്ടതും, അംഗീകാരം ലഭ്യമാകുന്ന എല്ലാ പ്രോജക്ടുകളും സമയബന്ധിതമായി പൂർത്തിയാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ്. പശ്ചാത്തല മേഖലയിലെ പദ്ധതികൾ ഗുണഭോക്താക്കൾക്ക് പൂർണ്ണമായും പ്രയോജനപ്പെടും വിധം നടപ്പിലാക്കേണ്ടതാണ്.

*II) വിനിയോഗ സാക്ഷ്യപത്രവും മോണിറ്ററിംഗ് റിപ്പോർട്ടും ഫയലിൽ സൂക്ഷിക്കുന്നില്ല.*

നിർവ്വഹണോദ്യോഗസ്ഥർ വിനിയോഗ സാക്ഷ്യപത്രവും മോണിറ്ററിംഗ് റിപ്പോർട്ടും ഫയലുകളിൽ സൂക്ഷിച്ചു വരുന്നില്ല. പദ്ധതികൾക്കായി ചെലവഴിക്കുന്ന തുകയുടെ ശരിയായ വിനിയോഗ വിവരം ലഭ്യമാകുന്നതിന് വിനിയോഗ സാക്ഷ്യപത്രവും പദ്ധതി നിർവ്വഹണത്തിലെ കാര്യക്ഷമതയും കൃത്യതയും ഉറപ്പാക്കി തുടർ നിരീക്ഷണങ്ങൾ നടത്തുന്നതിന് മോണിറ്ററിംഗ് റിപ്പോർട്ടും അത്യന്താപേക്ഷിതമാണ്. മേലിൽ ഇത്തരം കാര്യങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

*III) വി.ഇ.ഒ നിർവഹണ ഉദ്യോഗസ്ഥനായുള്ള പദ്ധതികൾ*

(എ) പദ്ധതി നമ്പർ - 42/16 (ആശ്രയ – ഭവനനിർമ്മാണം)

അടങ്കൽ തുക – 8,00,000/-രൂ

ചെലവ് - 1,40,000/-

2011-14 കാലയളവിൽ അഗതികളുടെ പുനരധിവാസ പദ്ധതി-ഭവനനിർമ്മാണം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി കുടുംബശ്രീ എ.ഡി.എസ്, സി.ഡി.എസ് വിശദമായ സർവ്വേ നടത്തി, പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച് ഗ്രാമസഭ അംഗീകാരം നൽകിയ വീട് വയ്ക്കുവാൻ കഴിവില്ലാത്ത, വാസയോഗ്യമായ വീടില്ലാത്ത ഭവനനിർമ്മാണം ആവശ്യമായ 33 ഗുണഭോക്താക്കളെ പദ്ധതിയിലുൾപ്പെടുത്തിയിരുന്നു. എന്നാൽ, ഒന്നാംഘട്ടപദ്ധതിയിലൂടെ (2014-15)ഭവന നിർമ്മാണത്തിനായി തെരഞ്ഞെടുക്കപ്പെട്ടത് ആശ്രയമാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി, ഗുണഭോക്തൃലിസ്റ്റിന് പുറത്തുള്ളവരെയാണ് പഞ്ചായത്ത് കമ്മിറ്റിയുടെ 11.12.2014 ലെ I(24)തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ആകെ വീട് ലഭിച്ച അഞ്ച് പേരിൽ ഒരാൾക്ക് മാത്രമേ പുതിയ ലിസ്റ്റിന്റെ ഭാഗമാകാനായുള്ളൂ എന്നത് സാമൂഹ്യനീതിയ്ക്ക് നിരക്കാത്തതും ആശ്രയമാർഗരേഖയ്ക്ക് വിരുദ്ധവുമായ നടപടിയാണ്. തുടർന്ന്, രണ്ടാം ഘട്ടമായി - പദ്ധതി നമ്പർ - 42/16 (ആശ്രയ – ഭവനനിർമ്മാണം) ഉൾപ്പെടുത്തിക്കൊണ്ട് വീട് നിർമ്മാണത്തിനായി ആനുകൂല്യം നൽകിയ രണ്ട് ഗുണഭോക്താക്കളും ഗുണഭോക്തൃലിസ്റ്റിന് പുറത്തുള്ളവരാണ്. ഇതിന് പഞ്ചായത്ത് കമ്മിറ്റിയുടെ 19.01.2016 ലെ I(3)തീരുമാനം അടിസ്ഥാനമാക്കിയിട്ടുണ്ട്. ആശ്രയപദ്ധതിയിലൂടെ തയാറാക്കിയ ഗുണഭോക്താക്കളുടെ ലിസ്റ്റ് നിലനിർത്തിക്കൊണ്ട് ഇതരവ്യക്തികൾക്ക് ആനുകൂല്യം നല്കിയ നടപടി നീതീകരിക്കത്തക്കതല്ല.

(ബി) വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള ഭവനനിർമ്മാണ പദ്ധതികളിൽ കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം രേഖപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല. സ്ഥലപരിശോധനയിൽ പദ്ധതി മാർഗ്ഗരേഖ നിർദേശിക്കുന്ന പരിധി മറികടന്ന് ഭവനനിർമ്മാണം നടത്തിവയർക്കും എല്ലാഗഡുക്കളും അനുവദിച്ചിട്ടുള്ളതായി ബോധ്യപ്പെട്ടിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖ പ്രകാരം തന്നെ പദ്ധതികൾ വിഭാവനം ചെയ്യേണ്ടതും ആയത് അർഹതയുള്ള ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനുമായുള്ള സാമൂഹ്യപ്രതിബദ്ധത നിറവേറ്റുന്നതിൽ പഞ്ചായത്ത് ഭരണസമിതിയും നിർവഹണ ഉദ്യോഗസ്ഥരും നിതാന്തശ്രദ്ധ ചെലുത്തേണ്ടതാണ്.

സി) സ്ഥലപരിശോധനയിൽ ഭവനനിർമ്മാണം നാളിതുവരെ പൂർണ്ണതോതിൽ നിർവഹിച്ചിട്ടില്ലാത്തതായ കെട്ടിടത്തിന്റെ ഉടമയ്ക്കും എല്ലാഗഡുക്കളും അനുവദിച്ചിട്ടുള്ളതായി ബോധ്യപ്പെട്ടിട്ടുണ്ട്. പദ്ധതിപ്പണം അനുവദിക്കുന്നതിലുപരി ഇത്തരം പ്രവർത്തനങ്ങളുടെ പൂർത്തീകരണം കൂടി ഉറപ്പുവരുത്തുംവിധം തുടർ നിരീക്ഷണങ്ങൾ നടത്തേണ്ടത് പദ്ധതിയുടെ പൂർണ്ണതോതിലുള്ള വിജയത്തിന് അനിവാര്യമാണ്.

ഡി) പഞ്ചായത്ത് ഭരണസമിതിയും സെക്രട്ടറിയും ആകെ നടത്തിയ പദ്ധതികളുടെ വിശദമായ മോണിറ്ററിംഗ് നടത്തി അതിനനുസൃതമായി തുടർപദ്ധതികൾ രൂപീകരിക്കുന്നത് ഉചിതമായിരിക്കും

## 3-3 പാലിയേറ്റീവ് കെയർ നഴ്സിന് യാത്രാപ്പടി - മാർഗരേഖാ വിരുദ്ധം

പദ്ധതിയുടെ പേര് : സാന്ത്വനം - പാലിയേറ്റീവ് കെയർ

പദ്ധതിനമ്പർ : എസ്.ഒ.ഒ 50/16

നിർവഹണോദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

സാന്ത്വനം - പാലിയേറ്റീവ് കെയർ പദ്ധതിയിൽ പാലിയേറ്റീവ് കെയർ നഴ്സിന് ഓണറേറിയം,

കമ്മ്യൂണിക്കേഷൻ അലവൻസ് എന്നിവ നൽകാനാണ് മാർഗരേഖ അനുശാസിക്കുന്നത്. എന്നാൽ പുല്ലമ്പാറ ഗ്രാമപഞ്ചായത്തിൽ പ്രസ്തുത പദ്ധതിയിൻ കീഴിൽ, ഇവയ്ക്കു പുറമേ, പാലിയേറ്റീവ് കെയർ നഴ്സിന് യാത്രാപ്പടിയായി 4200/- രൂപ അനുവദിച്ചുനൽകിയിരിക്കുന്നു. മാർഗരേഖാ വിരുദ്ധമായി മേലിൽ ഇത്തരം ചെലവുകൾക്ക് ഫണ്ട് വിനിയോഗിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-4 വയോജനരോഗപ്രതിരോധം പദ്ധതി (ആയുർവേദം) - മെച്ചപ്പെടുത്തൽ അനിവാര്യം

പ്രോജക്ട് നമ്പർ - 8/16

പദ്ധതി തുക - ₹2,00,000/-

പദ്ധതിയിലൂടെ ആയുർവേദമരുന്നുകൾ രോഗികൾക്ക് ലഭ്യമാക്കുന്ന പ്രവർത്തനം മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. കേരളത്തിലെ ജനസംഖ്യയിൽ 14% വരുന്ന വൃദ്ധരിൽ 20 ശതമാനത്തോളവും 80 വയസ്സിനു മുകളിൽ പ്രായമുള്ളവരും പലതരത്തിലുള്ള അവശതയനുഭവിക്കുന്നവരും ആണെന്നിരിക്കെ, വാർദ്ധക്യത്തിന്റെ തിക്താനുഭവങ്ങളിൽ നിന്ന് ഗ്രാമപഞ്ചായത്തിലെ വയോജനത്തിന് പരിരക്ഷ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ വയോക്ലിനിക് പോലുള്ള പ്രോജക്ടുകൾ ആയുർവേദ മേഖലയിൽ ഏറ്റെടുത്തു നടപ്പിലാക്കുന്നത് ഉചിതമായിരിക്കും. പ്രസ്തുത പദ്ധതി ആരോഗ്യ മേഖലയ്ക്ക് പ്രമുഖ സ്ഥാനം നൽകുന്നതോടൊപ്പം വൃദ്ധർക്ക് വൈകാരിക പിന്തുണ നൽകൽ, നീതി ലഭ്യമാക്കൽ, വിനോദവിജ്ഞാനങ്ങൾ പകർന്നു കൊടുക്കൽ മുതലായവയും ലക്ഷ്യമിടുന്നുണ്ട്.

## 3-5 തെരുവുവിളക്കുകളുടെ പരിപാലനം - മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.

പദ്ധതിയുടെപേര് - തെരുവുവിളക്കുകളുടെ അറ്റകുറ്റപണികൾ
പ്രോജക്ട് നം – 53/2016
അടങ്കൽ തുക – 3,00,000/-രൂ (വികസനഫണ്ട്)
ചെലവ് തുക – 1,91,980/-രൂ
ചെക്ക് നം. -774438/23.03.2016

2015-16 വർഷം സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയിൽ താഴെ പറയും വിധമുള്ള അപാകങ്ങൾ അടിയന്തിരമായി പരിഹരിക്കുന്നതിനായി പഞ്ചായത്ത് ഭരണസമിതി ഇടപെടേണ്ടതാണ്.

1) സ.ഉ.നം 65529/ഡി.സി.3/12 തസ്വഭവ 12.03.2013 പ്രകാരം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോടുകൂടിയ ഓട്ടോമാറ്റിക് തെരുവുവിളക്കുകൾ സ്ഥാപിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിലെ തെരുവുവിളക്കുകൾ പ്രവർത്തിപ്പിക്കുന്നതിനായുള്ള ടി സംവിധാനം നാളിതുവരെ ഏർപ്പടുത്തിയിട്ടില്ല എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. യഥാർത്ഥ വൈദ്യുതി ഉപഭോഗത്തിനായി ചെലവാക്കുന്ന തുകയുടെ കൃത്യത ഉറപ്പാക്കേണ്ടതാണ്.

2)2014-15 കാലയളവിൽ 99,000/-രൂപയും 2015-16 കാലയളവിൽ 1,91,980/-രൂപയും തെരുവുവിളക്കുകളുടെ അറ്റകുറ്റപണികൾക്കായി ചെലവഴിച്ചിട്ടുണ്ട്. അടുത്തടുത്ത വർഷങ്ങളിലെ പ്രസ്തുത ചെലവുകളുടെ ആത്യന്തികഫലം വളരെ ദയനീയമാണ്. മിക്ക വാർഡുകളിലും സ്ഥാപിച്ചിട്ടുള്ള തെരുവുവിളക്കുകളുടെ തൽസ്ഥിതി തികച്ചും ശോചനീയമാണ്. പല തെരുവുവിളക്കുകളും നശിച്ചതോ ഉപേക്ഷിക്കപ്പെട്ടതോ ആയ നിലയിലുമാണ്. പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ കൂടുതൽ ശ്രദ്ധാന്തി പുലർത്തേണ്ടതുണ്ട്. കാലാകാലങ്ങളിൽ സ്ഥാപിക്കപ്പെടുന്ന തെരുവുവിളക്കുകളുടെ പരിപാലനത്തിന് പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടത് അനിവാര്യമാണ്.

3) വൈദ്യുത ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കുകയും, ഓരോ വാർഡുകളിലും തെരുവുവിളക്കുകൾ സജ്ജമാക്കിയതിന്റെ രേഖകൾ പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ മോണിറ്ററിംഗ് റിപ്പോർട്ട് സഹിതം ആധികാരികമാക്കുകയും ചെയ്യേണ്ടതാണ്.

## 3-6 അങ്കണവാടികൾക്ക് കമ്പ്യൂട്ടർ (എസ്.സി) -കുരുന്നുകൾക്ക് ഗുണകരമാകുന്നില്ല

പദ്ധതി - എസ്.സി അങ്കണവാടികൾക്ക് കമ്പ്യൂട്ടർ വാങ്ങൽ

പദ്ധതി നം. - 40/16 SCP

അടങ്കൽ തുക - 2,00,000/-രു

ചെലവ് - 2,00,000/-രു

എസ്.സി.പി പദ്ധതിയിലുൾപ്പെടുത്തി എസ്.സി അങ്കണവാടികൾക്ക് കമ്പ്യൂട്ടർ വാങ്ങൽ എന്ന പദ്ധതിയിലൂടെ പുല്ലമ്പാറ ഗ്രാമപഞ്ചായത്തിലെ അഞ്ച് അങ്കണവാടികൾക്കായി രണ്ട് ലക്ഷം രൂപ ചെലവഴിച്ച് കമ്പ്യൂട്ടർ-യു.പി.എസ് എന്നിവ വാങ്ങി നല്കിയിട്ടുണ്ട്. അങ്കണവാടികൾ നേരിട്ട് പരിശോധിച്ചതിൽ കമ്പ്യൂട്ടർ പ്രവർത്തിപ്പിക്കുന്നതിനായുള്ള പരിജ്ഞാനം ടീച്ചർമാർക്ക് ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ കുട്ടികൾക്ക് യാതൊരുവിധ പ്രയോജനവും ലഭ്യമാകുന്നില്ല എന്നുകണ്ടു. പദ്ധതികൾ ദീർഘവീക്ഷണത്തോടെയും ആവശ്യകതയുടെ അടിസ്ഥാനത്തിലും വേണ്ടത്ര പഠനം നടത്തി നിർവ്വഹിക്കേണ്ടതാണ്. കേവലം ഫണ്ട് വിനിയോഗം എന്നതിലുപരി സ്ഥാപനത്തിന്റെയും കുട്ടികളുടെയും പുരോഗതി ഉറപ്പാക്കുംവിധമുള്ള നടപടികൾ സ്വീകരിക്കുന്നതിനായി പഞ്ചായത്ത് ഭരണസമിതി അടിയന്തിരമായി ശ്രദ്ധിക്കേണ്ടതാണ്.

## 3-7 ഗ്രാമകേന്ദ്രങ്ങളുടെ പ്രവർത്തനം-ഭൗതികസാഹചര്യം ഒരുക്കുന്നതിൽ ഒതുങ്ങുന്നു

പ്രാദേശിക ഭരണസംവിധാനത്തെ ശക്തീകരിക്കുക, കൂടുതൽ ജനാധിപത്യവൽക്കരിക്കുക, അധികാരവികേന്ദ്രീകരണം അർത്ഥപൂർണ്ണമാക്കുക തുടങ്ങി നാടിന്റെ സർവ്വതോന്മുഖമായ വികസനം സാക്ഷാത്ക്കരിക്കുന്നതിനായി നിർദ്ദേശിച്ചിട്ടുള്ള ബൃഹത് സംവിധാനമാണ് ഗ്രാമകേന്ദ്രങ്ങൾ. പ്രവർത്തനമാർഗ്ഗരേഖ വിഭാവനം ചെയ്യും വിധം(ജി.ഒ(എം.എസ്)/112/2014/തസ്വഭവ25.06.14) പ്രവർത്തനങ്ങൾ നിർവഹിച്ചു കാണുന്നില്ല. 2015-16 ലെ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി 6,60,000/-രു ചെലവ് ചെയ്ത് പഞ്ചായത്തിലെ 15 ഗ്രാമകേന്ദ്രങ്ങൾക്കായി ഫർണിച്ചർ വാങ്ങിയിട്ടുണ്ട്. പ്രവർത്തനരംഗം കാര്യക്ഷമമാക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതിനായി ഭരണസമിതിയുടെ അടിയന്തിര ഇടപെടൽ അനിവാര്യമാണ്.

## 3-8 കുന്നുമുകൾ സാംസ്കാരിക നിലയം-മെച്ചപ്പെട്ട പ്രവർത്തനം ആവശ്യം

കുന്നുമുകൾ സാംസ്കാരിക നിലയത്തിനായി 2015-16 ൽ 76821 രൂപ ചെലവിൽ നവീകരണപ്രവൃത്തികൾ നടത്തിയിട്ടുണ്ട് ചുമർ പാച്ച് വർക്ക്, പെയിന്റിംഗ്, റീവയറിംഗ്, പ്ളംബിംഗ്, 1HPപമ്പ് സെറ്റ് സ്ഥാപിക്കൽ എന്നിവയാണ് ഇവ. സാംസ്കാരിക നിലയം സാമൂഹ്യ വിരുദ്ധൻമാർ ദുരുപയോഗം ചെയ്യാതെ സൂക്ഷിക്കുവാൻ സംവിധാനം ഏർപ്പടുത്തിയിട്ടില്ല.സാംസ്കാരിക നിലയത്തിന് പ്രവർത്തന സമയം നിശ്ചയിക്കേണ്ടതും പഞ്ചായത്ത് ജീവനക്കാരോ ചുമതലപ്പെട്ട മറ്റാരെങ്കിലുമോ ഈ സമയത്ത് നിയന്ത്രണത്തിനായി ഉണ്ടാകേണ്ടതുമാണ്.ഇവ ഉറപ്പ് വരുത്താതെ വർഷാവർഷം ഫണ്ട് വിനിയോഗിക്കുന്നത് കൊണ്ട് മാത്രം പഞ്ചായത്തിന്റെ ചുമതല അവസാനിക്കുന്നില്ല.

## 3-9 കാർഷിക മ്യൂസിയം-പദ്ധതി ലക്ഷ്യം കണ്ടില്ല-പ്രവർത്തനം ആരംഭിക്കണം

2015-16 ൽ മെയിന്റനൻസ് ഫണ്ട് റോഡിതരത്തിൽ നിന്നും 300000/- രൂപ വകയിരുത്തി കാർഷിക മ്യൂസിയത്തിനായി നിർമ്മാണം പൂർത്തിയാക്കി. എന്നാൽ മ്യൂസിയത്തിന്റെ പ്രവർത്തനങ്ങൾക്കുള്ള നടപടികൾ ഇനിയും ആരംഭിച്ചിട്ടില്ല.കാർഷിക മേഖലയിൽ ഉപയോഗിച്ചിരുന്ന ഉപകരണങ്ങൾ സൂക്ഷിക്കുന്നതിനും അതിലൂടെ

പുതിയ തലമുറയ്ക്ക് കൃഷിയിൽ താല്പര്യം ജനിപ്പിക്കുകയും ചെയ്യുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.അതിനാൽ മ്യൂസിയം പ്രവർത്തനമാരംഭിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-10 കമ്മിറ്റി തീരുമാനങ്ങൾ നടപ്പിലാക്കുന്നതിൽ കാര്യക്ഷമത പുലർത്തുന്നില്ല.

പുല്ലമ്പാറ ഗ്രാമപഞ്ചായത്തിന്റെ ഭരണസമിതി 2015-16 സാമ്പത്തിക വർഷത്തിൽ എടുത്ത ചുവടെ പറയുന്ന തീരുമാനങ്ങളിൻമേൽ (അവലംബം-മിനിട്സ് -2015-16) എടുത്ത തുടർ നടപടികൾ എന്തൊക്കെയാണ് എന്ന് അറിയിക്കുവാൻ 1-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിലൂടെ ആവശ്യപ്പെട്ടിരുന്നെങ്കിലും അവയ്ക്ക് എല്ലാം വ്യക്തമായ മറുപടി നൽകുവാൻ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. സുപ്രധാനങ്ങളായ പല തീരുമാനങ്ങളിൻമേലും തുടർനടപടികളുമായി മുന്നോട്ട് പോകുവാനും അവ യാഥാർത്ഥ്യമാക്കുവാനും പഞ്ചായത്തിന് കഴിയാതിരിക്കുന്നത് കാര്യക്ഷമതയില്ലായ്മയിലേക്ക് വിരൽ ചൂണ്ടുന്നു.വിശദാംശങ്ങൾ ചുവടെ നൽകുന്നു.

| ക്രമനം. | തീരുമാനം നമ്പരും തീയതിയും | തീരുമാനം | മറുപടി | ഓഡിറ്റ് വിലയിരുത്തൽ |
|---|---|---|---|---|
| 1 | I(1) 23.4.2015 | പട്ടികവർഗ്ഗ ഐ.എ. വൈ. മുൻഗണനാ പട്ടിക അംഗീകരിച്ച് ബ്ളോക്കിന് നൽകുക. | വാമനപുരം ബ്ലോക്ക് പഞ്ചായത്തിന് നൽകു വാനായി ലിസ്റ്റ് വി.ഇ.ഒ യ്ക്ക് നൽകി | പട്ടികവർഗ്ഗ ഐ.എ. വൈ. പദ്ധതി നടപ്പാ ക്കുന്നതിൽ പഞ്ചായത്തി ന് പുരോഗതി കൈവരി ക്കുവാൻ കഴിഞ്ഞിട്ടില്ല. ഇതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ലഭ്യമാ ക്കിയിട്ടില്ല. |
| 2 | I(8) 23.4.2015 | ആശ്രയ പദ്ധതി നടപ്പിലാക്കാനും ലിസ്റ്റ് പുനക്രമീകരി ക്കാനും വി.ഇ.ഒ-യെ ചുമതലപ്പെടുത്തി | വി.ഇ.ഒ-യെ ചുമതല പ്പെടുത്തിയ തീരുമാനം അറിയിച്ചിട്ടില്ല എന്ന് വി.ഇ.ഒ മറുപടി നൽകി. 7പേർക്ക് വീടും 4 പേർക്ക് വീട് പുനരുദ്ധാരണത്തിനായി സബ്സിഡിയും അനുവദിച്ചു. | നിർവ്വഹണ ഉദ്യോഗസ്ഥ രും പഞ്ചായത്തുമായി ഉണ്ടാകേണ്ട ആശയവി നിമയം, കൂടിയാലോച നകൾ എന്നിവ കാര്യക്ഷ മമല്ല. |

| | | | | |
|---|---|---|---|---|
| 3 | I(10) 23.4.2015 | വേങ്കമല പശ്ചിമ ഘട്ട വികസന പദ്ധതി പ്രവർത്തനം തൃപ്തികര മല്ലാത്തതിനാൽ പ്രവർത്തനങ്ങൾ അടി യന്തരമായി നടപ്പിലാ ക്കാൻ കൃഷി ഓഫീസ റെ ചുമതലപ്പെടുത്തി. | നിർവ്വഹണം പുരോഗമിക്കുന്നു. | വേങ്കമല പശ്ചിമ ഘട്ട വികസന പദ്ധതി പ്രവർത്തനങ്ങൾ സംബ ന്ധിച്ച് വ്യകതമായ മറുപടി ലഭ്യമാക്കിയി ട്ടില്ല. പദ്ധതി നടപ്പാക്കു ന്നതിൽ വേണ്ടത്ര പുരോഗതി കൈവരിച്ചിട്ടില്ല എന്ന് ഇത് സൂചിപ്പിക്കുന്നു. |
| 4 | VI(10,33,36) 23.4.15 | പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങ ളിൽ രൂക്ഷമായ കുടിവെള്ള പ്രശ്നം പരിഹരിക്കുവാനായി പൈപ്പ് ലൈൻ ദീർഘിപ്പിക്കുവാൻ ജല അതോറിറ്റിയോട് ആവശ്യപ്പെട്ടു. | വ്യക്തമായ മറുപടി ലഭ്യമാക്കിയില്ല. | പഞ്ചായത്തിലെ അതി രൂക്ഷമായ കുടിവെള്ള പ്രശ്നത്തിന് പരിഹാരം കണ്ടെത്തുവാനുള്ള ശ്രമ ങ്ങളിൽ പുരോഗതിയില്ല. |
| 5 | VI(12) 27.5.15 | കോട്ടവരമ്പ് അങ്കണവാടി മേൽക്കൂര അടർന്ന് വീഴുന്നതി നാൽ അടിയന്തിര മായി അറ്റകുറ്റപ്പണി നടത്തുക. | നടപടി സ്വീകരിക്കുവാ നായി അസിസ്റ്റന്റ് എഞ്ചിനീയറോട് ആവശ്യപ്പെട്ടു. | ശിശുക്കൾ, കൗമാരപ്രായ ക്കാരായ പെൺകുട്ടികൾ, മുലയൂട്ടുന്ന അമ്മമാർ തുടങ്ങിയ വിഭാഗങ്ങളുടെ വിഷയങ്ങളിൽ ഇടപെ ടൽ കാര്യക്ഷമമല്ല. |
| 6 | V(20) 24.8.2015 | പബ്ലിക്-പഞ്ചായത്ത്-പ്രൈവറ്റ് പാർട്ടിസി പ്പേഷൻ ജല പദ്ധതി. | മറുപടി ലഭ്യമാക്കിയില്ല | വികസന പദ്ധതികൾ ഏറ്റെടുക്കുന്നതിൽ ക്രിയാ ത്മക പങ്ക് വഹിക്കുന്ന തിൽ പരാജയപ്പെടുന്നു. |

| | | | | |
|---|---|---|---|---|
| 7 | I(12) 28.12.15 | പട്ടികജാതി ഉപ പദ്ധതിപ്രകാരമുള്ള പ്രോജക്ടുകൾ മറ്റ് വകപ്പുകൾക്ക് നടപ്പാ ക്കുവാൻ പ്രൊപ്പോ സൽ സമർപ്പിക്കുവാ നുള്ള പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നിർദ്ദേശംനടപ്പാക്കുക. | പ്രോജക്ടുകൾ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് അയച്ചുനൽകി. | പട്ടികജാതി ഉപ പദ്ധതി പ്രകാരമുള്ള പ്രോജക്ടുകൾ തയ്യാറാക്കി മറ്റ് വകപ്പു കളെക്കൊണ്ട് നടപ്പിലാ ക്കിക്കുന്നതിൽ വീഴ്ച സംഭവിച്ചു. |
| 8 | VI(29) 18.2.2016 | വനിതകൾക്കുള്ള മൾട്ടി മീഡിയ കോഴ്സ് | തുടർനടപടികൾ സ്വീകരിക്കുവാനായി ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നൽകി. | മൾട്ടി മീഡിയ കോഴ്സിന് പഞ്ചായത്തിലെ വനിത കൾക്ക് ലഭിക്കേണ്ടി യിരുന്ന അവസരം പ്രയോജനപ്പെടുത്തിയില്ല |

കമ്മിറ്റി തീരുമാനങ്ങൾ സമയബന്ധിതമായി നടപ്പിൽ വരുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-11 പേരുമല എൽ.പി.എസ്. നവീകരണം - ടൈൽ പാകൽ - അളവുപുസ്തകത്തിലെ അളവും യഥാർത്ഥ അളവും തമ്മിൽ വ്യത്യാസം - നഷ്ടം തിരിച്ചടയ്ക്കണം

പ്രോജക്ട് നമ്പർ - 68/16(140/15)

എസ്റ്റിമേററ് - 275000 (MF-NR)

അളവ്പുസ്തകം -

കരാറുകാരൻ - മനാഫ്.എം (എസ്റ്റിമേറ്റ് റേറ്റ്)

ബിൽ നമ്പരും തീയതിയും - 6/15-16 തീയതി.12.8.15

പഞ്ചായത്തിലെ പേരുമല എൽ.പി.എസ്. നവീകരണത്തിന്റെ ഭാഗമായി ഡൈനിംഗ് ഹാൾ നിർമ്മാണത്തിൽ ഹാളും ക്ലാസ് മുറിയും സിമെന്റ് ബെഞ്ചും ടേബിളും ടൈൽ പാകൽ പ്രവൃത്തിയിൽ അളവ് പുസ്തകം പ്രകാരം പ്രവൃത്തി ചെയ്തതായി രേഖപ്പെടുത്തിയിട്ടുള്ള അളവ് ഏരിയയിൽ ടൈൽ പാകിയിട്ടില്ല എന്ന് അസിസ്റ്റന്റ് എഞ്ചിനീയറുമൊത്ത് നടത്തിയ സ്ഥല പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. ഇക്കാര്യം സ്ഥല പരിശോധനാ റിപ്പോർട്ടിൽ അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഡൈനിംഗ് ഹാളിന്റെ ഒരു ഭാഗത്ത് 37.808 ചതുരശ്ര മീറ്ററിൽ ഏരിയായിൽ പ്രേജക്ട് നംപർ 133/14-15 എന്ന 2014-15 വർഷ പ്രോജക്ടിന്റെ ഭാഗമായി ടൈൽ പാകിയിട്ടുണ്ട്. തൻവർഷം ആകെ ടൈൽ പാകിയത് 150.11 ചതുരശ്ര

മീറ്ററാണ്എന്ന് സ്ഥലപരിശോധനയിൽ വ്യക്തമായിട്ടുണ്ട്. എന്നാൽ അളവ് പുസ്തകത്തിൽ 162.86ചതുരശ്ര മീറ്റർ എന്ന് രേഖപ്പെടുത്തുകയും ഒരു ചതുരശ്ര മീറ്ററിന് 1134.5 ക്രമത്തിൽ 184764.67രൂപ കരാറുകാരന് അനുവദിക്കുകയും ചെയ്തു.12.75 ചതുരശ്ര മീറ്ററിന് 1134.5 രൂപ ക്രമത്തിൽ അനുവദിച്ച 14465/- രൂപ അധികം അനുവദിച്ചു. 14465/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തിയാൽ പ്രസ്തുത തുക അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ, മേലളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്

## 3-12 മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി - അവലോകനം

2015-16 സാമ്പത്തിക വർഷത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 437 പദ്ധതികൾ ആംഗീകരിച്ചുവെങ്കിലും 256 പ്രവൃത്തികൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. ഭൂവികസനം, ജല സ്രോതസ്സുകളുടെ പുനരുദ്ധാരണം, ഐ.എ.വൈ. പദ്ധതി പ്രകാരമുള്ള ഭവന നിർമ്മാണം എന്നിവയാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. പുല്ലമ്പാറ ഗ്രാമപഞ്ചായത്തിന് കീഴിൽ 4925 പേർക്ക് തൊഴിൽ കാർഡ് വിതരണം ചെയ്തിട്ടുണ്ട്. ഇതിൽ 3240 കുടുംബങ്ങളാണ് തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ പണിയെടുത്തത്. 26 കുടുംബങ്ങൾക്ക് മാത്രമാണ് 100 തൊഴിൽ ദിനങ്ങൾ നല്കിയിട്ടുള്ളത്,

2015-16 സാമ്പത്തിക വർഷത്തെ ക്യാഷ് ബുക്ക് തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. 2015-16 ലെ ആകെ വരവ് 5,49,297/- രൂപയും ആകെ ചെലവ് 5,40,332/- രൂപയുമാണ്. ആസ്തി രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടുണ്ട്. 2005- ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം നിഷ്കർഷിക്കുന്ന പ്രകാരം വേതനത്തിനാനുപാതികമായി ആസ്തികൾ സൃഷ്ടിക്കുന്നുവെന്ന് ഉറപ്പ് വരുത്തി പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതാണ്.

## 3-13 ആശ്രയ പദ്ധതി - സാമൂഹ്യനീതി ഉറപ്പുവരുത്തുന്നില്ല

ജനക്ഷേമപദ്ധതിയായ ആശ്രയ ലക്ഷ്യമിട്ട പ്രവർത്തനങ്ങൾ പൂർണ്ണതോതിൽ നിറവേറ്റുന്നതിൽ പഞ്ചായത്ത് ഭരണസമിതി കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.2011-14 -ൽ 105ഗുണഭോക്താക്കളെ ഉൾപ്പെടുത്തിക്കൊണ്ട് ആരംഭിച്ച ഈ പദ്ധതിയുടെ തുടർസേവനപ്രവർത്തനങ്ങൾ നിലവിലുള്ള 78 പേർക്ക് പോഷകാഹാര കിറ്റ് നല്കുന്ന പ്രവർത്തനത്തിൽ ഒതുങ്ങുന്നു. 2011-14 ൽ പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി ആകെ 18,00,000/-രൂ. അനുവദിച്ചതിൽ നിന്ന് ചെലവ്കഴിച്ച് 11,14,084/-രൂ മാത്രമാണ് മിച്ചതുകയായി നാളിതുവരെ (as on 31/10/2016)ബാങ്ക് അക്കൗണ്ടിൽ ഉള്ളത്. 2015-16 വർഷം വി.ഇ.ഒ നിർവഹിച്ചിട്ടുള്ള ആശ്രയ ഭവനപദ്ധതികളിൽ 2011-14 -ൽ തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളിൽ ഒരാളിനെ മാത്രമേ പരിഗണിച്ചിട്ടുള്ളൂവെന്നത് സംസ്ഥാന ദാരിദ്ര്യനിർമ്മാർജ്ജനമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 12.03.2012 ലെ ഉ.നം KS/L/2346/2002(48) ന് തികച്ചും വിരുദ്ധമായ നടപടിയാണ്. ആശ്രയ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെട്ടിട്ടുള്ള 78 പേരെ പരിഗണിക്കാതെ രണ്ടാം ഘട്ടലിസ്റ്റ് രൂപീകരിക്കുന്നത് ആശ്രയ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായ നടപടിയാണ്. ഒന്നാം ഘട്ടത്തിലെ അവശ്യജനവിഭാഗത്തിനെ കണ്ടെത്തി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടതാണ്. സമൂഹത്തിലെ അശരണരും ആലംബഹീനരുമായ ആളുകളുടെ ഉന്നമനം ഉറപ്പുവരുത്തുംവിധം ആശ്രയമാർഗ്ഗരേഖ വിഭാവനം ചെയ്യുംവിധമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിൽ പഞ്ചായത്ത് ഭരണസമിതിയും പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥരും അമൂല്യമായ പരിഗണന നല്കേണ്ടതാണ്.

ആശ്രയപദ്ധതി -2011-14

ആകെ ഗുണഭോക്താക്കൾ - 105

നിലവിലുള്ളവർ - 78

വീട് ആവശ്യമുള്ളവർ - 33

നാളിതുവരെ വീട് ലഭിച്ചവർ - 01 (പഞ്ചായത്ത് നടപ്പാക്കിയ ആശ്രയപദ്ധതിയിലൂടെ വീട് ലഭിച്ച അഞ്ച് പേരിൽ നാലുപേർ ഈ ലിസ്റ്റിൽപ്പെട്ടവരല്ല)

ആശ്രയപദ്ധതി ഫണ്ട്

ആകെ വരവ് -18,00,000/-രൂ (ചലഞ്ച് ഫണ്ട്-15,00,000/-, പഞ്ചായത്ത് ഫണ്ട് 3,00,000/- )

ചെലവ് - 6,85,916/-( 27/09/2012 to 18/10/2016)

മിച്ചതുക -11,14,084/-രൂ (as on 31/10/2016)

ചെലവിനത്തിൽ ബാങ്ക് ചാർജ്ജിനത്തിൽ ആകെ 92,997/- ഈടാക്കിയിട്ടുണ്ട്. ബാങ്ക് ചാർജ്ജിനത്തിൽ ഈടാക്കപ്പെട്ടിട്ടുള്ള തുക ആശ്രയപദ്ധതിയുടെ അക്കൗണ്ടിൽ തിരിച്ചടവാക്കാനായുള്ള സാധ്യതകൾ പരിശോധിക്കാവുന്നതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| പി.ഡബ്ല്യൂ.ഡി ഇലക്ട്രിക്കൽസ് | നാഗരുകുഴി<br>അങ്കണ- വാടി വൈദ്യുതീകരണം | - | 55000/- | - | - |
| പി.ഡബ്ല്യൂ.ഡി ഇലക്ട്രിക്കൽസ് | വട്ടയം ലക്ഷംവീട് അങ്കണവാടി വൈദ്യുതീകരണം (സ്പിൽ ഓവർ) | - | 97500/- | - | - |
| പി.ഡബ്ല്യൂ.ഡി ഇലക്ട്രിക്കൽസ് | ചെമ്മണ്ണുംകുന്ന് അങ്കണവാടി വൈദ്യുതീകരണം (സ്പിൽ ഓവർ) | - | 97500/- | - | - |

| | | | | | |
|---|---|---|---|---|---|
| പി.ഡബ്ല്യു.ഡി ഇലക്ട്രിക്കൽസ് | പഞ്ചായത്ത് ഓഫീസ് വൈദ്യുതീകരണം (സ്പിൽ ഓവർ) | - | 456609/- | - | - |
| പി.ഡബ്ല്യു.ഡി ഇലക്ട്രിക്കൽസ് | കൗൺസിൽഹാൾ വൈദ്യുതീകരണം (രണ്ടാം ഘട്ടം) | - | 57500/- | - | - |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

| ക്രമ നം. | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം./ ചെക്ക് നം. | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| ഇല്ല | | | | | | |

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന പദ്ധതി -മുതൽ തിരിച്ചടവ് | 275/2010/LSGD dt.27.01.11 | 14856000 | 7428000 | 1485600 | - | 5942400 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ഇല്ല |

| | |
|---|---|
| തൻവർഷം നിക്ഷേപിച്ച തുക | " |
| ആകെ | " |
| തന്നാണ്ടിൽ പിൻവലിച്ച തുക | " |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | " |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| ഇല്ല | - |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 55017366/- (മുന്നിരിപ്പ് ഉൾപ്പെടെ) |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 50336274 /- |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 14465/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4950/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|

| നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉദ്യോഗപ്പേരും |
|---|---|---|---|
| 3-10 | | 14465/- | ശ്രീ ജിജ്ഞ വി<br>അസി. എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 4950/- | ശ്രീ ജോയി ജോൺ, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ .ജിജ്ഞ വി<br>അസി. എഞ്ചിനീയർ | - | ഹൗസ് നം.127, ശ്രീപത്മം, കിണറ്റുവിളാകം, എസ്.എൻ നഗർ, പേട്ട, തിരുവനന്തപുരം |

| | | |
|---|---|---|
| ശ്രീ. ജോയി ജോൺ, സെക്രട്ടറി | - | ഹൗസ് നം.508, ചെമ്പരത്തിമൂട്ടിൽ, ദർശൻ നഗർ, പേരൂർക്കട പി.ഒ, തിരുവനന്തപുരം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 2001-02 | നം. എൽ.എഫ്.റ്റി.ഡി.ജി.പി.10/1103/02 തീ. 21.06.14 | |
| 2004-05 | നം. എൽ.എഫ്.റ്റി.ഡി.ജി.പി.10/1990/08 തീ. 21.06.14 | |
| 2006-07 | നം. എൽ.എഫ്.റ്റി.ഡി.ജി.പി.10/1722/09 തീ. 21.06.14 | |
| 2007-08 | നം. എൽ.എഫ്.റ്റി.ഡി.ജി.പി.10/916/11 തീ. 2.07.11 | |
| 2008-09 | നം. എൽ.എഫ്.റ്റി.ഡി.ജി.പി.10/414/14 തീ. 05.04.14 | |
| 2009-10 | നം. എൽ.എഫ്.റ്റി.ഡി.ജി.പി.10/308/15 തീ. 12.06.15 | |
| 2010-11 | നം. എൽ.എഫ്.റ്റി.ഡി.ജി.പി.10/1630/14 തീ. 01.08.14 | |
| 2011-12 | നം. എൽ.എഫ്.റ്റി.ഡി.ജി.പി.10/745/15 തീ. 12.10.15 | |
| 2012-13 | നം. എൽ.എഫ്.റ്റി.ഡി.ജി.പി.10/229/15<br>തീ. 25.06.15/9.07.15 | |
| 2014-15 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1377/2016<br>തീ. 03.08.16 | |

(ഒപ്പ്)
ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 1

## ഓഡിറ്റ് സാക്ഷ്യപത്രം

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ പുല്ലമ്പാറ ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക

പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങളും താഴെ പറയുന്ന അപാകവും ഒഴികെ, പുല്ലമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2015-16 -ലെ വാർഷിക ധനകാര്യ പത്രിക, വരവ് - ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

അപാകം

1) ബി ഫണ്ട് - തൻവർഷ വരവ് വാർഷിക ധനകാര്യ പത്രിക പ്രകാരം 29524430/- രൂപയും ധനകാര്യ കമ്മീഷനു സമർപ്പിച്ച പത്രിക പ്രകാരം 29515530/- രൂപയുമാണ്.

(ഒപ്പ്)
ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്